ങ്ങളാണ് മാമ്പഴത്തിന്റെ സീസൺ. മറ്റു 10 മാസങ്ങളിലാണ് പൈനാപ്പിൾ സംസ്കരിക്കേണ്ടത്. അതിന് നാഷണൽ ഡയറിയുമായിട്ട് ഒരു കരാറുണ്ടാക്കി. നാഷണൽ ഡയറി കൊടുക്കുന്ന മാമ്പഴം ഒരു ടണ്ണിന് ഇന്ന തുകയ്ക്ക് സംസ്കരിച്ചുകൊടുക്കാമെന്നുള്ള വ്യവസ്ഥയിലാണ് കൊടുക്കുന്നത്. ആ കരാറനുസരിച്ചാണ് മാമ്പഴം സംസ്കരിച്ചിരുന്നത്. ഈ പ്രശ്നമുണ്ടായതിനെത്തുടർന്ന് ജൂൺ മാസത്തിൽ 4, 5, 7, 8, 9, 18, 19, 21 എന്നീ തീയതികളിൽ അവിടെ പൈനാപ്പിൾ വാങ്ങിയിട്ടുണ്ട്. അതിനെ സംബന്ധിച്ച് ഒരു നിവേദനം ഗവൺമെന്റിന് ലഭിച്ചിരുന്നു. അതിനെ തുടർന്ന് 18.6.1999-ൽ ഒരു കോൺഫറൻസ് വിളിയ്ക്കുകയുണ്ടായി. അതിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. ജോണി നെല്ലൂരും പങ്കെടുത്തിരുന്നു. കൂടാതെ എല്ലാ കർഷക സംഘടനകളുടെയും പ്രതിനിധികൾ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് തുടങ്ങിയവരും ഈ കോൺഫറൻസിൽ പങ്കെടുത്തു.. അതിനെത്തുടർന്ന് ആഴ്ചയിൽ മൂന്നു ദിവസം പൈനാപ്പിൾ വാങ്ങാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ആ നടപടി സ്വീകരിച്ചുവരികയാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ അതിന് ഇപ്പോൾ സപ്പോർട്ട്, പ്രൈസ് നിശ്ചയിക്കാൻ സാധ്യമല്ല. ഇന്റർനാഷണൽ മാർക്കറ്റിലാണ് ഇവിടെ സംസ്കരിച്ചാലും വിറ്റഴിക്കേണ്ടത്. ആ മാർക്കറ്റിലെ വിലയുമായി ബന്ധപ്പെടുത്തിയാണ് പൈനാപ്പിൾ വാങ്ങാൻ കഴിയുന്നത്. ഇപ്പോൾ മൂന്നു രൂപ അമ്പത് പൈസയാണ് ഒരു കിലോ പൈനാപ്പിളിന്റെ വില. ഇന്റർ നാഷണൽ മാർക്കറ്റിൽ വില ഉയരുന്നതിനനുസരിച്ച് ഇവിടെയും വില ഉയർത്തിക്കൊടുക്കാൻ നിർദ്ദേശിക്കാം.

(12) പേരാമ്പ്ര എസ്റ്റേറ്റ് തൊഴിലാളികളുടെ സമരം

<u>ശ്രീമതി എൻ.കെ. രാധ</u> : സർ, എന്റെ നിയോജക മണ്ഡലത്തിലെ പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള പേരാമ്പ്ര എസ്റ്റേറ്റിലെ തൊഴിലാളികൾ 7.6.1999 മുതൽ സമരരംഗത്താണ്. ബോണസ് അഡ്വാൻസ് റിക്കവറിയുടെ തവണകൾ വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് തൊഴിലാളികൾ സമരം നടത്തുന്നത്. 67 രൂപ ദിവസക്കൂലിക്കാരാണ് തൊഴിലാളികൾ. മാസത്തിൽ 26 ദിവസവും ജോലി ചെയ്താൽ ഓണ അഡ്വാൻസ്, പി.എഫ്., എൽ.ഐ.സി., വെൽഫയർ ലോൺ, മെഡിക്കൽ അഡ്വാൻസ് തുടങ്ങിയ പിടിത്തമൊക്കെ കഴിഞ്ഞാൽ ബാക്കി കിട്ടുന്നത് കേവലം 800 രൂപയാണ്. ഈ സംഖ്യയിൽ നിന്നാണ് ഏകദേശം 400 രൂപയോളം ബോണസ് റിക്കവറി നടത്താൻ പ്ലാന്റേഷൻ മാനേജ്മെന്റ് തീരുമാനിച്ചിട്ടുള്ളത്. ഈ സമരത്തിന്റെ ഭാഗമായി ഇപ്പോൾ തോട്ടത്തിലെ റീപ്ലാന്റിംഗ് മേഖല സ്തംഭിച്ചിരിക്കുകയാണ്. അതുകൊണ്ട് ഗവണ്മെന്റ് ഇടപെട്ട് തൊഴിലാളികളുടെ മിതവും ന്യായവുമായ ആവശ്യം അംഗീകരിക്കാൻ അടിയന്തിരനടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

കൃഷിവകുപ്പുമന്ത്രി <u>(ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ)</u> : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച പ്രശ്നം, പ്ലാന്റേഷൻ കോർപ്പറേഷൻ ഇപ്പോൾ നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഒരു പൊതുമേഖലാ സ്ഥാപനമാണ്. അതിന്റെ പ്രധാനപ്പെട്ട കാരണം ഇപ്പോൾ റീപ്ലാന്റ് ചെയ്തുകൊണ്ടിരിക്കുന്ന സമയമാണെന്നതാണ്. അതുകൊണ്ടാണ് അത് നഷ്ടത്തിലാകുന്നത്. കഴിഞ്ഞവർഷം 12 ശതമാനം ബോണസാണ് അവിടത്തെ തൊഴിലാളികൾക്ക് നൽകിയത്. ഓണക്കാലത്ത് അവരുടെ പ്രശ്നങ്ങൾ കണക്കിലെടുത്തുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

തിരിച്ചുപിടിക്കാവുന്ന വ്യവസ്ഥയിൽ 8 ശതമാനം സംഖ്യ അഡ്വാൻസായി നൽകുകയും ചെയ്തു. ആ സംഖ്യ നൽകി 8 മാസത്തിനുശേഷമാണ് ഇപ്പോൾ 5 തുല്യതവണകളായിട്ട് തിരിച്ചു പിടിക്കുന്നതിനുവേണ്ടി തീരുമാനിച്ചത്. പ്ലാന്റേഷൻ കോർപ്പറേഷന് അവിടെ 13 എസ്റ്റേറ്റുകളുണ്ട്. അതുപോലെ 4 ഫാക്ടറികളുമുണ്ട്. ഇതിൽ പേരാമ്പ്ര എസ്റ്റേറ്റ് ഒഴിച്ച് ബാക്കി 12 എസ്റ്റേറ്റുകളിലും 4 ഫാക്ടറികളിലും ഈ സംഖ്യ 5 തവണകളായി തിരിച്ചുപിടിക്കാൻ മാനേജ്മെന്റ് സ്വീകരിച്ച നടപടിയെ എല്ലാവരും സ്വാഗതം ചെയ്തിട്ടുണ്ട്. 12 എസ്റ്റേറ്റുകളിലും 4 ഫാക്ടറികളിലും ഈ അഡ്വാൻസ് തിരിച്ചുപിടിച്ചുകൊണ്ടിരിക്കുകയാണ്. അവിടെ ഒരു പ്രശ്നവുമില്ല. പേരാമ്പ്ര എസ്റ്റേറ്റിൽ ഇപ്പോൾ അതിനെസംബന്ധിച്ച് ഒരു സമരമുണ്ടായിരുന്നു. ആ സമരം അവസാനിച്ചു. ഇപ്പോഴുള്ള പ്രശ്നം സമരം ചെയ്ത ദിവസത്തെ വേതനം വേണമെന്നുള്ളതാണ്. അത് എങ്ങനെ പരിഹരിക്കാൻ കഴിയുമെന്ന് മാനേജ്മെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

IV. സബ്മിഷനുകൾ ഉന്നയിക്കുന്നത് സംബന്ധിച്ച്

മി. സ്പീക്കർ : ചെറിയ കാര്യങ്ങളെക്കുറിച്ചും വലിയ കാര്യങ്ങളെക്കുറിച്ചും ഇപ്പോൾ സബ്മിഷനുകൾ വരാറുണ്ട്. ഒരു പൊതുധാരണ നമ്മളുണ്ടാക്കിയത്, പൊതുപ്രാധാന്യമുള്ള കാര്യങ്ങളെ സംബന്ധിച്ച് സബ്മിഷനുകൾ ഉന്നയിക്കണമെന്നാണ്. അതാണ് നല്ലത്. അത് എത്ര വേണമെങ്കിലും നമുക്ക് അനുവദിക്കാം. കുഴപ്പമില്ല. ഒരു നിയോജകമണ്ഡലത്തിലെ, ഒരു പഞ്ചായത്തിലെ ചെറിയ കാര്യമാണെങ്കിൽ, ചെയ്റിനുള്ള ഒരു സജഷൻ, സബ്മിഷനുകളേക്കാൾ നിങ്ങൾക്ക് കൂടുതൽ ഭാവിനടപടികൾക്ക് പ്രാധാന്യം ലഭിക്കുന്നത് ചോദ്യങ്ങൾക്കാണ്. കാരണം 12 ദിവസങ്ങൾക്കുമുൻപ് നോട്ടീസ് കൊടുത്ത് ഒരു ചോദ്യം ചോദിച്ചാൽ അത് ഗവണ്മെന്റ് സെക്രട്ടറിവരെയുള്ളവർ കണ്ട് മന്ത്രി ഇവിടെ ആൻസർ തരും. അതും തലേദിവസം കൊടുത്ത് കഷ്ടിച്ച് ഇവിടെ ആൻസർ തരുന്നതും തമ്മിൽ വ്യത്യാസമുണ്ട്. അത് നമുക്ക് അറിയാവുന്നതാണല്ലോ. ചോദ്യത്തിനാണെങ്കിൽ ഇപ്പോൾ യാതൊരു ബുദ്ധിമുട്ടുമില്ല. ഒരു അംഗത്തിന് 280 ചോദ്യം വരെ ചോദിക്കാൻ ഈ സെഷനിൽ കഴിയും. 4 ആഴ്ചയാണെങ്കിൽ 280. 5 ആഴ്ചയുണ്ടെങ്കിൽ അതിൽ കൂടുതൽ ലഭിക്കും. യാതൊരു ബുദ്ധിമുട്ടും ആ കാര്യത്തിലില്ല. ആ കാര്യം ഞാനിവിടെ ചൂണ്ടിക്കാണിക്കുകയാണ്. പൊതുപ്രാധാന്യമുള്ള പ്രശ്നങ്ങൾക്ക് മുൻഗണന നൽകുമെന്നകാര്യം അറിയിക്കുകയാണ്. സബ്മിഷൻ ചോദിക്കാത്തവരുമുണ്ട്.

V. ക്രമപ്രശ്നം

പൊതുമേഖലാസ്ഥാപനങ്ങളുടെ ആഡിറ്റ് യഥാസമയം നടത്താത്തത് സംബന്ധിച്ച്

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : ബഹുമാനപ്പെട്ട സ്പീക്കറും സഭയും വളരെ ഗൗരവത്തോടുകൂടി കണക്കിലെടുക്കേണ്ട ഒരു വിഷയമാണ് ഞാൻ അവതരിപ്പിക്കുന്നത്. കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ ബഡ്ജറ്റ് രേഖയോടൊപ്പം വിതരണം ചെയ്ത 'റവ്യൂ ഓഫ് പബ്ലിക് എന്റർപ്രൈസസ് ഇൻ കേരള' എന്ന പുസ്തകത്തിൽ പൊതുമേഖലാസ്ഥാപനങ്ങൾ നിയമപ്രകാരം കണക്കുകൾ ഓഡിറ്റ് ചെയ്ത് പ്രസിദ്ധീകരിക്കുന്നതിൽ വന്ന വീഴ്ചകളെക്കുറിച്ച് പറയുന്നുണ്ട്. 9 വർഷത്തെ കണക്കുകൾ വരെ ഓഡിറ്റു ചെയ്യാത്ത

LIBRARY ARCHIVES Kerala Legislative Assembly